**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 27635/AD B 3-1/2023/എ ഡി ബി 3

തീയതി: 12.04.2023

പ്രിയദർശിനി ഹിൽസ്

**സർക്കുലർ**

വിഷയം:- സർവ്വകലാശാല അതിഥി മന്ദിരത്തിലെ മുറികൾ, മട്ടുപ്പാവ് എന്നിവയുടെ വാടക ഇനത്തിലുള്ള പണമടക്കുന്നത് പൂർണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതു സംബന്ധിച്ച്

സൂചന :- 24.03.2023 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം:3463/ADB3/2023/എം.ജി.യു

സർവ്വകലാശാല അതിഥി മന്ദിരത്തിലെ മുറികൾ, മട്ടുപ്പാവ് എന്നിവയുടെ വാടക ഇനത്തിലുള്ള പണമടക്കുന്നത് പൂർണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനാൽ 2023 ഏപ്രിൽ 17 മുതൽ അതിഥി മന്ദിരത്തിലെ മുറികൾ, മട്ടുപ്പാവ് എന്നിവയുടെ വാടക ഇനത്തിലുള്ള പണം ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ, മുറികൾ, മട്ടുപ്പാവ് എന്നിവ ബുക്ക് ചെയ്യുന്നവർ സർവകലാശാല വെബ്സൈറ്റിലെ ഇ പേയ്മെന്റ് പോർട്ടൽ വഴി പണം ഓൺലൈൻ ആയി അടക്കുകയും രസീത് ഗസ്റ്റ് ഹൗസ് കെയർടേക്കറെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.സർവ്വകലാശാല അതിഥി മന്ദിരത്തിലെ മുറികൾ, മട്ടുപ്പാവ് എന്നിവ ബുക്ക് ചെയ്യുന്നതിന് എസ്റ്റേറ്റ് വിഭാഗം മുഖേനയുള്ള നിലവിലെ രീതി തന്നെ പിന്തുടരുന്നതാണ്.

**സജീവ് കെ എൻ**

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

Draft #2 of File 27635/AD B 3-1/2023/AD B 3 Approved by ESTATE OFFICER ADMINISTRATION on 12-Apr-2023 11:26 AM - Page 1